**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

13.03.18 - ൽ മറുപടിക്ക്.

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2975

## കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണന ശൃംഖല

**ചോദ്യം**

ശ്രീ. കെ. സി. ജോസഫ്
ശ്രീ. വി. എസ്. ശിവകുമാർ
ശ്രീ. കെ. എസ്. ശബരീനാഥൻ
ശ്രീ. ഹൈബി ഈഡൻ

**ഉത്തരം**

ഡോ.കെ.ടി.ജലീൽ
(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണന ശൃംഖല വിപുലപ്പെടുത്തുന്നതിനും നൂതന വിപണന സാധ്യത കണ്ടെത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) 1. കുടുംബശ്രീ സൂക്ഷ്മ സംരംഭ ഉത്പന്നങ്ങളുടെ വിപണനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 152 പഞ്ചായത്തുകളിൽ സ്ഥിരമായി മാസചന്തകൾ സംഘടിപ്പിക്കുന്നതിനായി സിഡിഎസ്സുകൾക്ക് 75,000/- രൂപ വീതം അടിസ്ഥാന സൗകര്യ വികസനത്തിനായി സാമ്പത്തിക ധനസഹായം നൽകി.<br>2. ഓണക്കാലത്ത് കുടുംബശ്രീ ഉത്പന്നങ്ങളുടെ വിപണനത്തിനായി എല്ലാ സിഡിഎസ് തലങ്ങളിലും (പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ, ജില്ല) ഓണചന്തകൾ സംഘടിപ്പിക്കുകയും 40 കോടി രൂപയുടെ വിപണനം സംരംഭകർക്ക് നേടികൊടുക്കുകയും ചെയ്തു.<br>3. ദേശീയ സരസ്സ് മേള മലപ്പുറത്ത് സംഘടിപ്പിച്ചതു വഴി സംരംഭകർക്ക് തങ്ങളുടെ ഉത്പന്നങ്ങൾ വൻതോതിൽ വിപണനം നടത്തുവാനും പ്രദർശിപ്പിക്കുവാനും ഉള്ള അവസരം ലഭ്യമായി.<br>4. കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ കുടുംബശ്രീ ഉത്പന്നങ്ങളുടെ വിപണനം ലക്ഷ്യമാക്കി ഹോം ഷോപ്പ് പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ആയതിന്റെ പ്രവർത്തനം മറ്റു ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (ബി) പ്രസ്തുത ഉല്പന്നങ്ങൾ ഓൺലൈൻ വഴി വിൽപന നടത്തുന്നുണ്ടോ;<br>(സി) എങ്കിൽ ഏതൊക്കെ ഉൽപ്പന്നങ്ങളാണ് ഇപ്രകാരം വില്പന നടത്തുന്നതെന്നും അത് വിജയപ്രദമാണോ എന്നും അറിയിക്കുമോ? | (ബി) & (സി) ഉണ്ട്; പ്രാരംഭഘട്ടത്തിൽ 200 ഓളം ഉത്പന്നങ്ങളാണ് ഓൺലൈൻ വിപണനത്തിനായിഉപയോഗിച്ചിരിക്കുന്നത്. ഭക്ഷ്യോത്പന്നങ്ങൾ കരകൗശല വസ്തുക്കൾ, ബാഗുകൾ, കുട, ചെരുപ്പ്, ആഭരണങ്ങൾ, സോപ്പ്, ടോയിലറ്ററീസ്, അലങ്കര വസ്തുക്കൾ മുതലായവയാണ് വിപണനം ചെയ്യുന്ന പ്രധാന വസ്തുക്കൾ. വർദ്ധിച്ചു വരുന്ന ഓൺലൈൻ ഉപയോഗം കണക്കിലെടുക്കുമ്പോൾ കുടുംബശ്രീബസാർ.കോം വിജയകരമായി മുന്നോട്ടുപോകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ